(ഡി) കടം എടുത്തിട്ടില്ല. എന്നാൽ ക്ഷേമനിധി ബോർഡുകൾ ഉൾപ്പെടെയുള്ള പല സ്ഥാപനങ്ങളും ട്രഷറിയിൽ പണം നിക്ഷേപിച്ചിട്ടുണ്ട്.

നിലത്തെഴുത്ത് ആശാൻമാർക്ക് പെൻഷൻ നൽകണമെന്ന ആവശ്യം

18 (406) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ 1500-ഓളം വരുന്ന നിലത്തെഴുത്ത് ആശാന്മാർക്ക് പെൻഷൻ നൽകണമെന്ന് ധനകാര്യ മന്ത്രി മുമ്പാകെ സമർപ്പിച്ചിരുന്ന നിരവധി നിവേദനങ്ങളിൻമേൽ എന്ത് നടപടി ആയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) കായംകുളം എം.എൽ.എ.യും കേരള നിലത്തെഴുത്ത് ആശാൻ സംസ്ഥാന പ്രസിഡന്റുമായ ജി. സുധാകരൻ എം.എൽ.എ. നിയമസഭയിൽ അവതരിപ്പിച്ച സബ്മിഷനുള്ള മറുപടിയിൽ ധനകാര്യ വകുപ്പു മന്ത്രി നൽകിയ ഉറപ്പ് അനുസരിച്ച് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) 2001-2002-ലെ ബഡ്ജറ്റിൽ നിലത്തെഴുത്ത് ആശാൻമാർക്ക് പെൻഷൻ നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ-സി) നിലത്തെഴുത്ത് ആശാൻമാർക്ക് പെൻഷൻ നൽകുന്ന കാര്യത്തിൽ ഒരു തീരുമാനവും എടുത്തിട്ടില്ല.

ആളോഹരി വികസന ചെലവും വികസനേതര ചെലവും

19 (407) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ഒജ. മാത്യു :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-92 മുതൽ 1995-96 വർഷം വരെ ഓരോ വർഷവുമുള്ള ആളോഹരി വികസന ചെലവും വികസനേതര ചെലവും എത്ര വീതമായിരുന്നു ;

(ബി) 1996-97 മുതൽ 1999-2000 വരെയുള്ള ആളോഹരി വികസന ചെലവും വികസനേതര ചെലവും എത്ര വീതമായിരുന്നു ;

(സി) 2000-2001 വർഷത്തിൽ പ്രതീക്ഷിക്കുന്ന ആളോഹരി വികസന ചെലവും വികസനേതര ചെലവും എത്ര വീതമാണ് ;

(ഡി) വികസനേതര ചെലവ് കുറയ്ക്കാൻ ഈ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ നടപടികൾ മൂലം വികസനേതര ചെലവിൽ ഈ ഗവൺമെന്റ് വന്നശേഷം ഓരോ വർഷവും എത്ര രൂപ കുറവ് വരുത്താൻ കഴിഞ്ഞു. മേഖല തിരിച്ചുള്ള വിശദീകരണം നൽകാമോ ;

(എഫ്) ആളോഹരി വികസന ചെലവിൽ ഈ സർക്കാർ വന്നശേഷമുള്ള വർദ്ധന വിശദമാക്കാമോ ?

ഉത്തരം

(എ) വികസന ചെലവുകൾ

വർഷം	ആളോഹരി
1991-92	673 രൂപ
1992-93	768 രൂപ
1993-94	860 രൂപ
1994-95	989 രൂപ
1995-96	1,104 രൂപ

വികസനേതര ചെലവുകൾ

1991-92	417 രൂപ
1992-93	464 രൂപ
1993-94	548 രൂപ
1994-95	651 രൂപ
1995-96	757 രൂപ

(ബി) വികസന ചെലവുകൾ

വർഷം	ആളോഹരി
1996-97	1,302 രൂപ
1997-98	936 രൂപ
1998-99	1,047 രൂപ
1999-00	983 രൂപ
2000-01	കണക്കുകൾ എ.ജി. യിൽ നിന്നും ലഭിച്ചിട്ടില്ല.

വികസനേതര ചെലവുകൾ

1996-97	844 രൂപ
1997-98	1,000 രൂപ
1998-99	1,153 രൂപ
1999-00	1,420 രൂപ
2000-01	കണക്കുകൾ എ.ജി. യിൽ നിന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത വർഷത്തെ വികസന ചെലവിന്റേയും വികസനേതര ചെലവിന്റെയും കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ല.

(ഡി) വികസനേതര ചെലവുകൾ കുറയ്ക്കാൻ ഈ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റവന്യൂ വരുമാനം വർദ്ധിപ്പിച്ച് ചെലവ് കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു. കൂടാതെ സർക്കാരുദ്യോഗസ്ഥന്മാരുടെ വിദേശയാത്ര, പുതിയ തസ്തികകൾ സൃഷ്ടിക്കൽ, പുതിയ വാഹനങ്ങൾ വാങ്ങുന്നതും അവയുടെ ഉപയോഗം എന്നിവയും നിയന്ത്രിച്ചിട്ടുണ്ട്.

(ഇ) കുറവുവരുത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും വികസനേതര ചെലവ് അമിതമായി വർദ്ധിക്കാതെ നിയന്ത്രിക്കുവാൻ പ്രസ്തുത നടപടികൾ മൂലം സാധിച്ചിട്ടുണ്ട്.

(എഫ്)	1996-97	198 രൂപയുടെ വർദ്ധന
	1997-98	366 രൂപയുടെ കുറവ്
	1998-99	111 രൂപയുടെ വർദ്ധന
	1999-00	64 രൂപയുടെ കുറവ്
	2000-01	കണക്കുകൾ പൂർത്തിയായിട്ടില്ല.

സാമ്പത്തിക അടിയന്തിരാവസ്ഥ

20 (408) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തിക അടിയന്തിരാവസ്ഥ പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ഗവൺമെന്റിന്റെ കാലത്ത് ആരെങ്കിലും ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ അതാരാണെന്നു പറയുമോ ;

(സി) പ്രസ്തുത കേസ്സിൽ ഹർജിക്കാർ ഉയർത്തിയിട്ടുള്ള വാദമുഖങ്ങൾ എന്തെല്ലാമെന്ന് പറയുമോ ;

(ഡി) പ്രസ്തുത കേസ്സിൽ ആരെയെല്ലാമാണ് കക്ഷി ചേർത്തിട്ടുള്ളത് ;

(ഇ) പ്രസ്തുത കേസ്സിൽ ഗവൺമെന്റ് സത്യവാങ്മൂലം നൽകിയോ ;

(എഫ്) എങ്കിൽ അതിലെ കാര്യങ്ങൾ എന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഹൈക്കോടതിയിൽ കേസ് നൽകിയതായി അറിവില്ല.

(ബി-എഫ്) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly